


# സ്പന്ദനം

Little Kite 2018-19

ക്ഷേത്ര പ്രവേശന മെമ്മോറിയൽ

ഹൈസ്ക്കൂൾ പൂത്തോട്ട

# വിദ്യ കൊണ്ട് പ്രബുദ്ധരാകുക



പ്രൊഫ. സി. രവീന്ദ്രനാഥ്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
കേരള സർക്കാർ



## സന്ദേശം

പൂത്തോട്ട ക്ഷേത്ര പ്രവേശന മെമ്മോറിയൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ 2018-19 അദ്ധ്യയന വർഷത്തിൽ ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ സന്തോഷമുണ്ട്.


പഠന-പഠനേതര രംഗത്ത് വിദ്യാലയത്തിന് ആർജ്ജിക്കുവാൻ കഴിഞ്ഞിട്ടുള്ള നേട്ടങ്ങൾ രേഖപ്പെടുത്തുന്നതിനും വിദ്യാർത്ഥികളുടേയും അദ്ധ്യാപകരുടേയും കലാ-സാഹിത്യ സൃഷ്ടികൾ പ്രകാശിപ്പിക്കുന്നതിനും ഡിജിറ്റൽ മാഗസിൻ വേദിയൊരുക്കുമെന്ന് പ്രതീക്ഷിക്കുന്നു.


ഈ ഉദ്യമത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

സി.രവീന്ദ്രനാഥ്

ഹെഡ് മിസ്ട്രസ്സ്
ക്ഷേത്ര പ്രവേശന മെമ്മോറിയൽ വൊക്കേഷണൽ
ഹയർ സെക്കണ്ടറി സ്കൂൾ
പൂത്തോട്ട, എറണാകുളം
kpmvhsspoothotta@gmail.com

ഓഫീസ് : മൂന്നാം നില, അനക്സ്-2
ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം-695 001
ഫോൺ-ഓഫീസ് : 0471-2327574 ഫാക്സ് : 0471-2332133 വസതി : 0487-2383229
മൊബൈൽ : 9447973300 വെബ്സൈറ്റ് : www.ravindranath.org
ഇ-മെയിൽ : min.ednoffice@gmail.com



Headmistress

ശ്രീമതി മോളിയമ്മ.കെ.ആർ

## ഉള്ളടക്കം


1) ഓർമ്മക്കുറിപ്പ്........................................ 6

2) ഓട്ടൻതുള്ളൽ........................................ 9

3) അനന്യരാത്രം........................................ 10

4) പ്രളയം........................................ 13

5) യന്ത്രമനുഷ്യർ........................................ 16

6) കളിസ്ഥലം........................................ 18

7) CRICKET MATCH & EXAMINATION.................. 19

8) കൗതുകങ്ങൾ........................................ 20

9) ഇത്തിൾക്കണ്ണി........................................ 22

10) നാലുകെട്ട്........................................ 23

11) LIFE IS A GARDEN ........................................26

ഓർമ്മക്കുറിപ്പ്

# ഭീമസേനന്റെ അരങ്ങിലെ പഞ്ചമി

സോന സജീവ്

8 E



ജീവിതത്തിലെ നിറം മങ്ങിയ കൗമാരത്തിന് ഓർമകളിലൂടെ നിറമേകുന്നതാണ് എന്റെ ബാല്യം. അരയൻകാവ് എന്ന കൊച്ചുഗ്രാമത്തിലെ വളരെ ഹൃദ്യമായ പൊൻകതിർമണികൾ വിളഞ്ഞുനിൽക്കുന്ന കണ്ടോളപ്പാടത്തിന്റെ അക്കരെയുള്ള ഒരു കൊച്ചുവീടായിരുന്നു എന്റേത്. ബാല്യകാലം സമൃദ്ധിയുടെ കാലമായിരുന്നു. മധുരിക്കുന്ന ഒട്ടേറെ അനുഭവങ്ങൾ എനിക്കു സമ്മാനിച്ച ബാല്യകാലം ജീവിതത്തിലെ നിറമുള്ള ഓർമകളാണ്.



കൗമാരത്തിന്റെ ഇരുണ്ടമേഘങ്ങളാൽ ബാല്യമാകുന്ന സൂര്യോദയം മറഞ്ഞ ഈ വേളയിലും മറക്കാനാകാത്ത ഒരനുഭവം ഞാനോർക്കുന്നു. എനിക്ക് ആറോ ഏഴോ വയസ്സുള്ളകാലം. എന്നേക്കാൾ മൂന്നു വയസ്സു മൂപ്പുള്ള ചേച്ചിയോടും മുത്തശ്ശിയോടുമൊപ്പം ഒരു സന്ധ്യക്ക് "കല്ല്യാണസൗഗന്ധികം" തുള്ളൽ കാണാൻ പോയി.

പാടത്തിനക്കരെയായിരുന്ന ക്ഷേത്രം.
വാഹനസൗകര്യങ്ങളൊന്നും അന്ന് ഞങ്ങളുടെ നാട്ടിൽ സുലഭമായിരുന്നില്ല. അതായത് ഞങ്ങളുടെ നാട് ആധുനിക പരിഷ്കാരത്തിലേക്ക് കുതിച്ചിട്ടില്ലായിരുന്ന കാലം. പാടം കടന്ന് തോട്ടുവക്കിലൂടെ ഞങ്ങൾ ക്ഷേത്രസന്നിധിയിലെത്തി.
അപ്പോഴേക്കും നിലത്ത് പായവിരിച്ച് കാണികൾ അവരുടെ ഇരിപ്പിടങ്ങൾ ഉറപ്പിച്ചിരുന്നു. മുൻപിലൊരു മൂലയിൽ ഞങ്ങളും ഇരിപ്പിടമുറപ്പിച്ചു. പിന്നീട് പെട്രോമാക്സ് വെളിച്ചത്തിൽ ഭീമസേനനും ദ്രൗപദിയും കടന്നുവന്നു. അപ്പോഴാണ് കരളലിയിപ്പിക്കുന്ന ഒരു ദൃശ്യം എന്റെ ശ്രദ്ധയിൽപ്പെട്ടത്.
ക്ഷേത്ര വളപ്പിൽ ഒരു തമിഴ്ബാലിക. കഷ്ടിച്ച് എട്ട്-ഒമ്പത് വയസ്സുമാത്രം പ്രായമുള്ള അവൾ ദാരിദ്ര്യത്തിന്റെ നിഴൽപ്പാടിൽ തീരാദു:ഖത്തിന്റെ നൊമ്പരവീഥിയിൽ ആഴക്കടലിലെ പായ്ക്കപ്പലാണെന്ന് അവളുടെ മെലിഞ്ഞ ശരീരവും പിഞ്ഞിക്കീറാറായ വസ്ത്രവും കുറുകിയ കണ്ണുകളും കവിളിലൂടൊഴുകിയ കണ്ണീരിന്റെ അവശേഷിപ്പെന്നോണമുള്ള ആ തിളങ്ങുന്ന ദ്രവ്യവും വിളിച്ചുപറയുമായിരുന്നു. ഭീമനും ദ്രൗപദിയും അരങ്ങിൽ തിമിർത്താടുമ്പോൾ എന്റെ ശ്രദ്ധ അവളിലേക്ക് മാത്രമായിരുന്നു. ആ കൊച്ചു പാരിജാതപ്പൂവിന്റെ ബാല്യമാകുന്ന വേരുകളെ പിഴുതെറിയാൻ വന്ന ദാരിദ്ര്യത്തെയോർത്ത് എനിക്കതിയായ വ്യസനം തോന്നി.
ഒരു ചെറിയ തമിഴ് ബാലൻ ഓടിക്കിതച്ച് അവളുടെ അടുത്തേക്കോടുന്നതു ഞാൻ കണ്ടു.

“പഞ്ചമീ...”

എന്ന് ഉറക്കെവിളിച്ചുകൊണ്ട് അവളുടെ അനുജനെന്ന് തോന്നിപ്പിക്കുന്ന ആ ബാലൻ വന്ന് അവളുടെ ഇടത്തേകൈത്തണ്ടയിൽ തൂങ്ങി നിന്നു. പാടത്തിന്റെ ഇരുട്ടിലൂടെ, തോട്ടുവക്കിന്റെ നിശാന്തതയിലൂടെ ഞങ്ങൾ സഞ്ചരിക്കുമ്പോഴും എന്റെ മനസ്സ് മന്ത്രിച്ചുകൊണ്ടിരുന്നു.

“പഞ്ചമീ...പഞ്ചമീ...”

മറ്റുള്ളവർ തുള്ളലിന്റെ വിശേഷങ്ങൾ പറയുമ്പോഴും എന്റെ മനസ്സ് പഞ്ചമിയിൽ മാത്രം ഒതുങ്ങി നിന്നു. പാലമരച്ചുവട്ടിലൂടെ ഉമ്മറത്തേക്കു പ്രവേശിച്ചപ്പോൾ മുമ്പെങ്ങോ മുത്തശ്ശി നട്ട പാരിജാതപ്പൂവിന്റെ മണം ഉയർന്നുകൊണ്ടിരുന്നു...

<u>ഓട്ടൻതുള്ളൽ</u>

# അബലയോ സ്ത്രീജന്മം

സോന സജീവ്
8 E



“അക്രമരാഹിത്യമെന്നൊരുനാമം
ഭ്രമിക്കവൈകാതെയൻപോട്ടുചേരുമേ!
സർവ്വവും അക്രമം നിത്യവും അക്രമം
ബസ്സിന്റെ സീറ്റിലും റോഡിൻവശത്തും.
പൗരുഷന്മാരുടെ അക്രമാസക്തി
ഇന്നിതിനിപ്പോൾ പണവും പവിഴവും
സ്നേഹം നടിച്ച ചെല്ലന്നൊരാരാക്ഷസൻ
ദുർഘടമാർഗ്ഗേ നടത്തുന്നതവളിപ്പോൾ
എന്നാലിനിയൊരുകഥയുരചെയ്യാം
നമ്മുടെ സോദരി ശക്തിസ്വരൂപിണി
ഒന്നൊന്നുകിട്ടിയാൽ രണ്ടു കൊടുക്കാനും
നാളെയീധരയിൽ സ്ത്രീകളുണ്ടാകും.”



# അനന്യരാത്രം

ജിതിൻ ദേവ്.ആർ
10 B



“അമ്മേ അവനെവിടെ?” ഞാൻ ചോദിച്ചു. “അവൻ ടെറസിന്റെ മുകളിലുണ്ട്.” അമ്മയുടെ മറുപടി. ടെറസിനുമുകളിൽ അവൻ മുകളിലേക്ക് നോക്കിക്കിടക്കുകയാണ്. സൂര്യൻ പൂർണ്ണമായും അസ്തമിച്ചിരിക്കുന്നു. ഇന്ന് രാത്രിയുടെ ജീവാത്മാവുമില്ല. അങ്ങിങ്ങായി തെളിഞ്ഞു വരുന്ന നക്ഷത്രങ്ങൾ. “നീയെന്താ ഇവിടെ?” ഞാൻ ചോദിച്ചു. “ഒന്നുമില്ല, വെറുതെ ആകാശം കാണാൻ.” ഒന്നും ഞാൻ പറഞ്ഞില്ല. ഞാനും അവിടെ ഇരുന്നു. “നാളെ ശനിയാഴ്ചയാ.” ഞാൻ പറഞ്ഞു. “എന്താ പരിപാടി?” അവൻ ചോദിച്ചു. “കറങ്ങാൻ പോയാലോ.” എന്റെ ആഗ്രഹം പറഞ്ഞു.



“നോക്കാം, നീയിപ്പോ ആകാശത്തേക്ക് നോക്ക്.” അവൻ പറഞ്ഞു. ഞാൻ നോക്കി, വിശാലമായി പരന്നുകിടക്കുന്ന ആകാശം. നേരത്തേ കണ്ടതിലും അധികം

താരങ്ങൾ. എണ്ണിനോക്കിയാലോ... ഒന്ന്, രണ്ട്, മൂന്ന്, രണ്ടിനും മൂന്നിനും ഇടയിൽ ഒരെണ്ണം കൂടി - നാല്, അഞ്ച്, ഞാൻ അപ്പോഴേ മടുത്തു. പെട്ടെന്ന് കറന്റ് പോയി. ഞെട്ടിപ്പോയി. ആകാശം സമുദ്രം പോലെ, നിശബ്ദതയുടെ ലോകം. താരങ്ങൾ ഒഴുകി നടക്കുന്നു. എണ്ണാവുന്നതിനപ്പുറം നക്ഷത്രങ്ങൾ, ആകാശം മിന്നിനിന്നു. ഞാനും ടെറസിൽ കിടന്നു. ഫോട്ടോ എടുത്താലോ, ക്യാമറ ഫോണിൽ ഓണാക്കി നോക്കി, പറ്റുന്നില്ല. നക്ഷത്രങ്ങൾ ഫോണിലെ ക്യാമറകൾക്ക് അപ്രാപ്യമാണ്. അവൻ പറഞ്ഞു. “നോക്കിയിട്ട് കാര്യമില്ല, ക്യാമറയ്ക്ക് നക്ഷത്രങ്ങളെ ഒപ്പിയെടുക്കാനാവില്ല.” “എന്നാലും ഇത്രയും നാളായിട്ട് ഞാനിത് കണ്ടില്ലല്ലോ.” ഞാൻ പറഞ്ഞു. “ഞാനും കണ്ടിട്ടില്ല, ഇന്നുവരെ.” അവനും പറഞ്ഞു. ശരിയാണ് ഇത്രയും നാളും അതവിടെ ഉണ്ടായിരുന്നു. പക്ഷേ, ആരും തിരക്കിചെന്നില്ല എന്നു മാത്രം. കറന്റ് പോയത് ഭാഗ്യം അല്ലെങ്കിൽ ഇതു കാണാൻ കഴിയുമായിരുന്നോ? താഴെ ചെറിയ ചെറിയ സംസാരങ്ങൾ മാത്രം കേൾക്കാം. അല്ലെങ്കിലും നിശബ്ദതയാണ് പ്രപഞ്ചത്തിന്റെ ശബ്ദം. ഉത്തരം കിട്ടാത്ത ചോദ്യങ്ങൾക്ക് നിശബ്ദതയാണ് മറുപടി. സൂര്യനേക്കാൾ പതിന്മടങ്ങ് വലിയ നക്ഷത്രങ്ങൾ നമുക്ക് ചെറുതാണ്. നമ്മളോ? ആ നക്ഷത്രങ്ങൾ ഒരു മണൽത്തരിയുടെ അത്രയും പോലുമില്ല. മരങ്ങൾ അനങ്ങാതെ ആകാശത്തിന്റെ നിശബ്ദതയെ അനുകരിക്കുകയാണ്. കാറ്റിന്റെ സൃഷ്ടാവ് നാളെയെ ഇനി വരൂ. വരും വരാതിരിക്കില്ലല്ലോ. എങ്കിലും വൃക്ഷങ്ങൾക്ക് ചെറിയ ചെറിയ അനക്കങ്ങളുണ്ട്. രാത്രിപുഷ്പങ്ങളുടെ ഗന്ധവാഹി ആയിരിക്കാം. നിർവികാരതയാണ് രാത്രിയുടെ മുഖമുദ്ര.

രാത്രിയേക്കാൾ പകലിനെ നാം സ്നേഹിക്കുന്നതും അതുകൊണ്ട് തന്നെ. ഉറങ്ങണമെങ്കിൽ ഉണരുകയും ഉണരണമെങ്കിൽ ഉറങ്ങുകയും വേണം. അതുപോലെ നാളേയ്ക്കായി ഭൂമി ഉരുണ്ടുകൊണ്ടിരിക്കുന്നു. കറന്റ് വന്നു. മുകളിൽ നക്ഷത്രങ്ങൾ അതീവ ശോഭയോടെ മിന്നി. “എടാ, ഞാൻ പോകുവാ.” ഞാൻ അവനോടായി പറഞ്ഞു. “വാ എന്നാൽ എണീക്കാം, നീയൊന്നും മിണ്ടിയില്ലല്ലോ, എന്തു പറ്റി?” അവൻ ചോദിച്ചു. എണീറ്റ് കൊണ്ട് ഞാൻ പറഞ്ഞു. “ആകാശം കണ്ട് നീ ഉറങ്ങിയെന്ന് ഞാൻ വിചാരിച്ചു.” “വാ, താഴെപ്പോകാം.”ഞങ്ങൾ താഴെയിറങ്ങി. ഞാൻ വീട്ടിലേക്ക് നടന്നു. ആകാശത്തേക്ക് നോക്കിയില്ല. കാരണം ഇനിയും അതിനെ അറിയാൻ സാധിച്ചിട്ടില്ല, അതവിടെ എപ്പോഴും ഉണ്ടായിട്ടു കൂടി...

# പ്രളയം

അഭിരാമി ബിജു
9 A



പെരിയാറിന്റെ തീരത്തെ ജനം തിങ്ങിപ്പാർക്കുന്നിടം, അവിടെ തീരത്തായി ഒരു ഓലമേഞ്ഞ വീട് അവിടുത്തെ താമസക്കാരാണ് അമ്മുവും, അമ്മയും പിന്നെ അവരുടെ പ്രിയപ്പെട്ട ആടായ മണിക്കുട്ടിയും. അമ്മുവിന്റെ അച്ഛനെക്കുറിച്ചവൾക്ക് നേരിയ ഓർമ്മ മാത്രമേ ഉള്ളൂ. എന്നും വെള്ളമടിച്ച് വന്നിട്ട് അമ്മയെ തല്ലും. അങ്ങനെയിരിക്കെ അമ്മുവിന് മൂന്ന് വയസ്സ് പ്രായമുണ്ടായിരുന്നപ്പോൾ അവളുടെ അച്ഛന് പൈസയില്ലാതെ വന്നു. പണമില്ലാതെ ഷാപ്പിൽ വരണ്ടന്ന് ഉടമസ്ഥൻ പറഞ്ഞു. അതുകൊണ്ട് ആ ആടിനെ വിൽക്കാമെന്നയാൾ തീരുമാനിച്ചു. അവളുടെ അമ്മ വേണ്ടാന്ന് ഒരുപാട് പ്രാവശ്യം പറഞ്ഞു. പക്ഷെ എന്താവാൻ അവസാനം ആടിനെ കൊണ്ടുപോയി. അന്ന് ഭാഗ്യത്തിന് അയാളുടെ കണ്ണിൽപ്പെടാതെ രക്ഷപ്പെട്ടതാണ് മണിക്കുട്ടി.

അമ്മ കഷ്ടപ്പെടുന്നതു കാണുമ്പോൾ അമ്മു എന്നും പറയും "അമ്മ വിഷമിക്കേണ്ട നമ്മുടെ പ്രശ്നങ്ങളൊക്കെ തീരും" എന്ന്. അമ്മ ജോലി ചെയ്താണ് അവർ ജീവിക്കുന്നത്. അവധി ദിവസങ്ങളിൽ അവൾ മണിക്കുട്ടിയേയും കൂട്ടി അമ്മയുടെ ജോലിസ്ഥലത്ത് പോകും. എന്നിട്ട് നേരെ വായനശാലയിലേക്ക് അവിടെ റേഡിയോ

ഉണ്ട്. അത്ര വികസിത ഗ്രാമമൊന്നും ആയിരുന്നില്ല അത്. അതുകൊണ്ട് എല്ലാവരും ലോകവിവരങ്ങളറിയാൻ റേഡിയോയെ തന്നെ ആശ്രയിച്ചു.



ഒരു ദിവസം റേഡിയോയിൽ കളക്ടറുടെ ഒരു വാർത്തയുണ്ടായിരുന്നു. അത് ഇങ്ങനെയായിരുന്നു. “പെരിയാറിന്റെ തീരത്തെ അന്തേവാസികൾക്ക് ജാഗ്രതാ നിർദ്ദേശം. വെള്ളം പൊങ്ങുവാനുള്ള സാധ്യതയുണ്ട് അതിനാൽ മാറി താമസിക്കുക.” ഇതു കേട്ട ജനങ്ങൾ പരിഭ്രാന്തരായി. ചിലർ കേട്ടയുടനെ അവിടെ നിന്നും പോയി. അന്ന് രാത്രി അവർക്ക് ഉറക്കമില്ലായിരുന്നു. പിന്നെയെപ്പോഴോ അമ്മു ഉറങ്ങി നേരം വെളുത്തപ്പോൾ വീട്ടിലെല്ലാം വെള്ളം കയറി. എല്ലാവരും കിട്ടിയ സാധനങ്ങളുമായി വള്ളത്തിൽ കയറി രക്ഷപ്പെട്ടു. അവസാനത്തെ വള്ളത്തിലിതാ രണ്ടു സീറ്റുമാത്രം. അമ്മ അമ്മുവിനോട് വരാൻ പറഞ്ഞു. അമ്മു നിറഞ്ഞ കണ്ണുകളോടെ മണിക്കുട്ടിയെ നോക്കി. അവൾക്ക് മണിക്കുട്ടിയെ പിരിയാൻ കഴിയില്ലായിരുന്നു. അവസാനം മനസ്സില്ലാ മനസ്സോടെ അവൾ മണിക്കുട്ടിയെ കുന്നിന്റെ മുകളിലെ ക്ഷേത്രത്തിൽ ആക്കിയിട്ട് വിടപറഞ്ഞു. അവരവിടെനിന്നും ദുരിതാശ്വാസ ക്യാമ്പുകളിലേക്കാണ് വന്നത്. അവിടെ തങ്ങളുടെ എല്ലാ

ദുഃഖവും മറന്നിട്ടെല്ലാവരും സന്തോഷിക്കുന്നു. അമ്മുമാത്രം ദുഃഖിച്ച് മാറിനിന്നു. ഇതു കണ്ട ഒരു കുട്ടി അവളോട് കാര്യം തിരക്കി. മണിക്കുട്ടി അവിടെ തനിച്ചാണ് എനിക്കവളെ രക്ഷിക്കണമെന്ന് അവൾ പറഞ്ഞു. അവളുടെ വിഷമം മനസ്സിലാക്കിയ കുട്ടി നമുക്ക് അവളെ രക്ഷിച്ചാലോ എന്ന് ചോദിച്ചു. അവസാനം അമ്മയുടേയും എല്ലാവരുടേയും കണ്ണുവെട്ടിച്ച് അവർ ക്യാമ്പിൽ നിന്നും പുറത്ത് ചാടി.

അവർ പോരുമ്പോൾ മുട്ടോളം വെള്ളമായിരുന്നു. വഴിയിൽ കണ്ടവരെല്ലാം അങ്ങോട്ട് പോകരുതെന്ന് പറഞ്ഞു, അവർ ചെവിക്കൊള്ളാതെ നടന്നു. വഴിയിൽ ഒരു വള്ളക്കാരൻ കണ്ടുമുട്ടി അയാളോട് കാര്യങ്ങൾ പറഞ്ഞു. ആ വള്ളക്കാരൻ ക്ഷേത്രത്തിലെത്തിയപ്പോൾ മണിക്കുട്ടിയുടെ കഴുത്തുവരെ മുങ്ങിയിരുന്നു. അവസാനം മണിക്കുട്ടി അമ്മുവിന്റെ കയ്യിലെത്തി.


# യന്ത്രമനുഷ്യർ

സുമ.റ്റി.ആർ
എച്ച് എസ് റ്റി ഹിന്ദി



ണിം...ണിം...ണിം... അലാറം നിർത്താതെ അലറുന്നു. രമ്യയുടെ ശബ്ദം അതിലും വേഗത്തിൽ മുഴങ്ങുന്നു. “രമേശേട്ടാ വേഗം ഉണരൂ. സമയം നാലായി.” കറിയ്ക്കരിയണം. വൈകാൻ പറ്റില്ല. കറിയ്ക്കരിയുമ്പോഴും അടുക്കളയിൽ കുറ്റപ്പെടുത്തലുകൾ പുകഞ്ഞുകൊണ്ടേയിരുന്നു. അതിൽ നീറുന്ന മാനസികവ്യഥയാരു കാണാൻ. മാനസമില്ലാത്ത മാനവരാൽ ഭൂമിയമ്മ പോലും പിടഞ്ഞു കൊണ്ടേയിരിക്കുന്നു.

വാഗ്വാദപ്പെരുമഴയിൽ മുങ്ങിപ്പോയ ബാല്യം തന്റെ മകൾക്കുമുണ്ടാവരുതെന്ന് കരുതി ഏറെ പണിപ്പെട്ട് നാവിനെ ബന്ധിക്കും. പൂർവ്വികരുടെ വാഗ്ധോരണിയാൽ ജയിലറയിലായിപ്പോയ



ഗൃഹസന്തതിയായതിനാലാണ് നാവ്യുദ്ധത്തിന് വിമുഖത കാണിക്കുന്നത്. പക്ഷേ ക്ഷമയുടെ നെല്ലിപ്പലക വരെ കണ്ടുതുടങ്ങിയിരിക്കുന്നു. ഏറെ ശ്വാസം മുട്ടിക്കുന്നത്

പൊതുസ്ഥലങ്ങളിലുള്ള രമ്യയുടെ അഭിനയത്തിമിർപ്പാണ്. താൻ ഒരു സാമൂഹ്യജീവിയാണെന്ന സത്യം പോലും പലപ്പോഴും ഒരു മരീചികയായിത്തോന്നുന്നു. അവളുടെ "ജ്യൂറിസ്ഡിക്ഷനി"ൽ നിന്ന് അണുവിട വ്യതിചലിക്കാനാവാത്ത നൂൽപ്പാവ കണക്കെ ചലിക്കാൻ വിധിക്കപ്പെട്ടിരിക്കുന്നു. സഹയാത്രികരുടെ പരിഹാസച്ചിരിയും, വാക്കും ബധിരനെപ്പോലെ അവഗണിക്കേണ്ടി വരുന്നു. മനം മടുപ്പിക്കുന്ന ഈ കോൺക്രീറ്റ് കൂരയിൽ നിന്ന് രക്ഷപ്പെടണമെന്ന് തോന്നുമ്പോഴൊക്കെ മകളുടെ ഓമന മുഖം പിന്നിലേക്ക് വലിക്കുന്നു.

"രമേശേട്ടാ പത്രം വന്നു." രമ്യയുടെ ശബ്ദം പിന്നെയും മുഴങ്ങുന്നു. പത്രക്കാരന്റെ കുശലം ഒരു പുഞ്ചിരിയിൽ ഒതുക്കി ധൃതിയിൽ അകത്തെത്തിയപ്പോഴും കേൾക്കാം രമ്യയുടെ കാതടപ്പിക്കുന്ന വാഗ്സ്ഫോടനം, "6.30 ആയി. മോളെ റെഡിയാക്ക്. സ്കൂൾ ബസ് ഇപ്പോൾ വരും."

കുഞ്ഞിനെ റെഡിയാക്കി ഡൈനിംഗ് ടേബിളിന്റെ മുന്നിലെത്തി. ഭാഗ്യം ഇന്നെന്തോ ഭക്ഷണമെടുത്ത് വെച്ചിട്ടുണ്ട്. അപ്പോൾ കേൾക്കാം, 'രമേശേട്ടോ വേഗം കഴിക്ക്. ബസ് ഇപ്പോൾ വരും' ധൃതിയിൽ റെഡിയായി ഭക്ഷണം ഒരു വിധം അകത്തെത്തിയപ്പോൾ കേൾക്കാം സ്കൂൾ ബസിന്റെ ഹോൺ. പിറകെ ഓഫീസിലേക്കുള്ള പതിവ് ബസും. സമയം 7.30. ഇനി കോൺക്രീറ്റ് യാന്ത്രികതയിൽ നിന്ന് കംപ്യൂട്ടർ യാന്ത്രികതയിലേക്ക് 'എന്നാണീശ്വരാ മനുഷ്യനാകാൻ കഴിയുക' ആത്മഗതത്തോടെബസിലേക്ക്.

# കളിസ്ഥലം

അനിൽ സുധാകരൻ
എച്ച്.എസ്.റ്റി മാത്സ്



തേക്കിൻകാട് പറമ്പ് ഞങ്ങളുടെ കൗമാരകാലഘട്ടത്തിലെ കളിസ്ഥലം. വേലിയും മതിലുമൊന്നുമില്ലാത്ത വിശാലമായ പറമ്പ്. വൈകുന്നേരങ്ങളിലും അവധി ദിവസങ്ങളിലും പൂവിന് ചുറ്റും പൂമ്പാറ്റകളെന്നപോലെ കുട്ടികൾ വന്നു ചേരും. കപിൽ ദേവിനെ പോലെ ഫാസ്റ്റ് ബൗളറായും രവി ശാസ്ത്രിയെ പോലെ സ്പിന്നറായും സച്ചിനെ പോലെ ബാറ്റ്സ്മാനും ആയി മാറി ഞങ്ങൾ ക്രിക്കറ്റ് കളിച്ചും വഴക്കടിച്ചും കൂട്ട് കൂടിയും തിമിർത്ത് കളിച്ചു. മഴയും വെയിലും ഞങ്ങളുടെ കളിക്കൂട്ടുകാരായിരുന്നു. സ്വപ്നങ്ങൾ നെയ്തു കൂട്ടിയ ജീവിതത്തിലെ ഏറ്റവും മനോഹരമായ വസന്തകാലം. പിന്നീട് പറമ്പിന് ചുറ്റും വേലി വന്നു. പല പല



കഷണങ്ങളായി മുറിക്കപ്പെട്ടു. ഓരോന്നിലും ഓരോ വീടുകൾ വീതം. ആ വീടുകളിലെ ഇന്നത്തെ കുട്ടികൾ വൈകുന്നേരങ്ങളിലും അവധി ദിവസങ്ങളിലും ടി വി യുടെയും മൊബൈൽ ഫോണിന്റെയും മുന്നിലിരുന്ന് ജീവിതത്തെ കുറിച്ച് സ്വപ്നം കാണുന്നു.......

# കവിത

## CRICKET MATCH & EXAMINATION

Anakha sudheer
10 B



Examination is a cricket match !!
The candidate is the batsman ;
The paper setter is a bowler.
The examination hall is the stadium.
The examiner is the umpire.
The pen is the bat, the period is an over.
The mark sheet is the score board.
A question solved without a break is hitting a six ;
To think and solve is four.
To be caught while talking in the class is a catch out.
To be caught while trying to cheat is a run out.
To be caught while a slip hour of the pocket is an LBW.
A blank answer sheet is clean bowled.
A good answer sheet gets the man of the match !!!.....




# കൗതുകങ്ങൾ

Akshara Krishnakumar
9 C






1. ഈ ചിത്രത്തിൽ കാണുന്നയാളെ ഒരുപക്ഷേ നിങ്ങൾ തിരിച്ചറിയില്ല. ചിരിയുടെ മാലപ്പടക്കങ്ങളിൽ ചിന്തയുടെ ചിറ്റോളങ്ങൾ സൃഷ്ടിച്ച, സിനിമാരംഗത്തെ അതുല്യപ്രതിഭ. തെരുവിൽ തെണ്ടിനടന്ന് പാട്ടുപാടി, കോമാളി കാണിച്ച് സമ്പാദിച്ച തുച്ഛമായ പണംകൊണ്ട് വിശപ്പടക്കിയ ബാല്യം. ഇല്ലായ്മകളെ കൈമുതലാക്കി നേട്ടങ്ങളുടെ കൊടുമുടിയിലെത്തിയ മഹാൻ-ചാർളി ചാപ്ലിൻ.



2. സൂറിച്ച് സർവ്വകലാശാല നടത്തിയ പ്രവേശനപ്പരീക്ഷ തന്നെ തോറ്റ വിദ്യാർത്ഥി. ഒരിക്കലും രക്ഷപ്പെടില്ലെന്ന് പറഞ്ഞ് അദ്ധ്യാപകൻ ക്ലാസ്സിൽനിന്നും പുറത്താക്കിയ ഈ വിദ്യാർത്ഥിയാണ് ലോകത്തിലെ ഏറ്റവും ബുദ്ധിമാനായ ശാസ്ത്രജ്ഞൻ. $E=mc^2$ തത്വത്തിലൂടെ ലോക പ്രശസ്തനായി മാറിയ ആൽബർട്ട് ഐൻസ്റ്റീൻ.



3. ലോകം ഏറ്റവും കൂടുതൽ ആദരിക്കുന്ന ജനാധിപത്യ നേതാവ്. വിറക് വെട്ടി വിശപ്പടക്കാൻ ശ്രമിക്കുന്നതിനിടയിൽ സ്കൂൾ വിദ്യാഭ്യാസം പോലും കിട്ടിയില്ല. വിവിധ തെരഞ്ഞെടുപ്പുകളിൽ 19 പ്രാവശ്യം തോറ്റ് 20-ാം മത്തെ തവണ വിജയിച്ച ആളാണ് അമേരിക്കയിലെ പ്രസിഡന്റായിരുന്ന എബ്രഹാം ലിങ്കൻ.



4. ലോകത്തിൽ ഏറ്റവുമധികം കണ്ടുപിടുത്തങ്ങൾ നടത്തിയ ശാസ്ത്രജ്ഞൻ-ബൾബും, ടേപ്പ്റെക്കോർഡറും അടക്കം ആയിരത്തിലേറെ കണ്ടുപിടുത്തങ്ങൾ. വിദ്യാഭ്യാസം വെറും മൂന്നാം ക്ലാസ്. പത്രം വിൽക്കലായിരുന്നു പണി. പരാജയങ്ങളിൽ പതറാത്ത ആത്മവിശ്വാസം കരുത്താക്കിയ തോമസ് ആൽവ എഡിസൻ.

# ഇത്തിൾക്കണ്ണി

നവനീത് രംഗൻ
8 E



ഒരു തെളിനീരുറവ ഉയിർക്കുന്നു
ധരണി തൻ ഉൾത്തടത്തിൽ
ദാഹിച്ച വലഞ്ഞൊരായേഴതൻ
നയനങ്ങൾ പൂത്തുലഞ്ഞു
തരുണാംഗവികൾ ഉയർന്നു
ജീവാമൃതത്തിനായ് വീണ്ടും
പെട്ടെന്നൊരു ഗർജ്ജനം
ദിഗന്തങ്ങൾ ഞെട്ടുമാറങ്ങിനെ
തൊട്ടാൽ വെട്ടും നിൻ കരാഗ്രങ്ങൾ
ഞങ്ങൾ തൻ ഇടമിത്, ഞങ്ങൾ തൻ ജലമിത്
ജലമൂറ്റുവാനെത്തീ യന്ത്രങ്ങൾ
പിളർന്നു പോയ് ധരണി തൻ മാറിടം
വാടിവീണിതാ ധരണിപുത്രിയാമിവൾ
ബോധഹീനയായ് നിലംപതിച്ചു.



# നാലുകെട്ട്

നവനീത് രംഗൻ
8 E



നാലുകെട്ട് കടന്ന് അകത്തെത്തി. യാദൃശ്ചികമായെങ്കിലും തറവാടിന്നങ്കണമെത്തിയപ്പോൾ മരുഭൂമിയിൽ നീരുറവ കണ്ടതുപോലെ മനംനിറഞ്ഞു. അപ്പുണ്ണിനായരുണ്ടെന്നാണ് കേട്ടത്. പക്ഷെ ആകെയൊരു വിജനത. "ആരാത്." പിന്നിലൊരു സ്ത്രീശബ്ദം. "ആ ഇതാര് കുഞ്ഞാത്തോലോ." അപ്പുണ്ണിനായരുടെ അന്തർജ്ജനം. "അങ്ങേര് പനി പിടിച്ച് കിടപ്പാണ്. ആത്തോലൂട്ടി പെട്ടെന്ന്."............

"ഓഫീസിൽ നിന്ന് എറണാകുളത്ത് ഒരു കോൺഫറൻസ് ഉണ്ടായിരുന്നു. ഇന്ന് വീടിന്റെ കുളിർമ്മയിൽ പാർക്കാനൊരു മോഹം."

"നന്നായി. കുട്ടി കയറ്. ഞാൻ ഒരു ചായയെടുത്ത് വരാം."

തറവാടിന്റെ വിജനത മനസ്സിനെ വിഷമിപ്പിച്ചു. ഞങ്ങൾ പണ്ട് ഓടിക്കളിച്ച് വളർന്ന അങ്കണമാണ്. പക്ഷേ തറവാട്ടിൽ പാർക്കാൻ ആർക്കും വയ്യ. ഞാനും അതിലൊരു തരിയാണല്ലോ. വിവാഹത്തോടെ അന്യനാടിന്റെ കോൺക്രീറ്റ് കൂരയിൽ ചേക്കേറേണ്ടിവന്നവൾ. എന്തൊക്കെയായാലും ഈ മാന്തോപ്പിന്റേയും, നെല്ലിമരത്തിന്റെയും ഓർമ്മകൾ പോലും മനസ്സിൽ പച്ചപ്പ് നിറയ്ക്കും. മുഖമില്ലാത്ത പട്ടണത്തിൽ നിന്ന് നാടിന്റെ ഹരിതാഭയിലേക്കോടിയെത്താൻ എന്നും വെമ്പൽ

കൊള്ളാറുണ്ട്. പക്ഷേ പട്ടണസന്തതികളായ മക്കളും, ഭർത്താവും ലവലേശം സമ്മതിക്കാറില്ല.

ഫോൺ റിങ്ങിൽ ഓർമ്മത്തുണ്ടുകൾ മുറിഞ്ഞു.



"താനെവിടെയാ, കോൺഫറൻസ് കഴിഞ്ഞില്ലേ, ഫ്ലൈറ്റ് ബുക്ക് ചെയ്തിട്ടുണ്ട്, 5 മണിക്ക്. ഇപ്പോൾത്തന്നെ തിരിച്ചോ. എനിക്ക് അർജന്റായി ദുബായ്ക്ക് പോകണം." മറുപടിക്ക് മുമ്പേ കോൾ കട്ടായി. കയ്യിൽ നിന്ന് വഴുതി ഫോൺ താഴേയ്ക്ക് വീണു. ഗൃഹാതുരത്വത്തിൽ ചേക്കേറാനുള്ള മനസ്സിന്റെ വെമ്പൽ കുഴിച്ച് മൂടി ബാഗെടുത്ത് മരവിച്ച മനസ്സോടെ ഇടറുന്ന കാൽവയ്പോടെ തിരികെ നടന്നു.

'കുഞ്ഞാത്തോല് പോവ്വായോ' ചായയുമായി അന്തർജനത്തിന്റെ വിളി. 'സമയമില്ല' എന്ന് പറയുമ്പോൾ മനസ്സ് മന്ത്രിച്ചു, 'സമയമായില്ല.'

# LIFE IS A GARDEN

swathika Ganesh
8 A

The life of man is
like a garden.
The persons that are
involved in life are
the beautiful flowers.
friends,cousins,we and others.
Parents are the mother plant
all flowers are grown
in a plant.
In our life-a garden
there we can see weeds
we are the flowers
wants to win by defeating the weeds.

| | | |
|---|---|---|
| Cheif Editor | : | Manjusha M S |
| Student Editors | : | Althaf Nizar 9 C<br>Adhin ramesh 9 F<br>Anujith K S 9 E |
| Cover Design | : | Jyosna Castro 9 F |
| മലയാളം ടൈപ്പിങ് | : | ഗിരിധർ കെ എ 8 E |

# THANKS